(ഡി) പ്രസ്തുത പി. എച്ച്. സി. എന്നത്തേക്ക് അപ്ഗ്രേഡ് ചെയ്ത് സി. എച്ച്. സി.ആയി പ്രവർത്തനം ആരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. പി. എച്ച്. സി.കളും ഉപകേന്ദ്രങ്ങളും അഭിവൃദ്ധിപ്പെടുത്തുന്നതിനും പുതിയവ തുറക്കുന്നതിനുമായി 2005-2006-ലെ ബഡ്ജറ്റിൽ 200 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഭരണ നവീകരണ പദ്ധതിയുടെ ഭാഗമായുള്ള സേവന പ്രദാന പദ്ധതിയിലുൾപ്പെടുത്തി 100 പ്രൈമറി ഹെൽത്ത് സെന്ററുകളെ മെച്ചപ്പെടുത്തുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. യൂറോപ്യൻ കമ്മീഷൻ സെക്ടർ ഇൻവെസ്റ്റ്മെന്റ് പ്രോഗ്രാമിന്റെ ഭാഗമായി കൊല്ലം ജില്ലയിലെ വിവിധ പി. എച്ച്. സി.കളിൽ അറ്റകുറ്റപ്പണികൾ നടത്തുകയുണ്ടായി. കൂടാതെ, നബാർഡിന്റെ സഹകരണത്തോടെ പി. എച്ച്. സി.കളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പദ്ധതി സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കുന്ദമംഗലം പി. എച്ച്. സി.യുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 21-7-2005-ന് ജനപ്രതിനിധികളുടെയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുകയും അതിന്റെ അടിസ്ഥാനത്തിൽ കുന്ദമംഗലം പി. എച്ച്. സി.യുടെ നിലവിലുള്ള സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(ഡി) പ്രസ്തുത പി. എച്ച്. സി.യെ സി. എച്ച്. സി. ആയി ഉയർത്തുന്നതിനുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ ഇപ്പോൾ പരിഗണനയിലില്ല.

കോഴിക്കോട് കുതിരവട്ടത്തെ ഡിസ്ട്രിക്ട് ടി. ബി. സെൽ

254 [3229] *ശ്രീ. എ. സുജനപാൽ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് കുതിരവട്ടത്ത് പ്രവർത്തിച്ചുവരുന്ന ഡിസ്ട്രിക്ട് ടി. ബി. സെന്ററിൽ വർഷങ്ങളായി അറ്റകുറ്റപ്പണികൾ നടത്താത്തതുമൂലം കെട്ടിടം ചോർന്നൊലിച്ചു വൃത്തിഹീനമായി കിടക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അറ്റകുറ്റപ്പണികൾ നടത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇവിടെ എന്തെങ്കിലും വികസനപ്രവർത്തനങ്ങൾ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിഗണനയിലാണ്.

(സി) രോഗികൾക്ക് കാത്തിരിപ്പ്മുറി നിർമ്മിക്കുക, ലബോറട്ടറി സൗകര്യം ഒരുക്കുക, രോഗികൾക്ക് ടോയ്ലറ്റ് സൗകര്യം വർദ്ധിപ്പിക്കുക, 50 പേർക്കിരിക്കാവുന്ന കോൺഫറൻസ് ഹാൾ നിർമ്മിക്കുക എന്നീ വികസനപദ്ധതികൾ എം. എൽ. എ.യുടെ പ്രാദേശിക വികസന പദ്ധതിയിൽപ്പെടുത്തി നടത്തുവാൻവേണ്ട എസ്റ്റിമേറ്റിനായി പൊതുമരാമത്ത് വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് ലഭിച്ചാലുടൻ നടപടിയെടുക്കുന്നതാണ്.

ഫാർമസി ലക്ചറർ തസ്തിക ഒഴിവുകൾ നികത്താൻ നടപടി

255 [3230] *ശ്രീമതി ഗിരിജാ സുരേന്ദ്രൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ എഡ്യൂക്കേഷൻ ഡയറക്ടറേറ്റിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിലെ ഫാർമസി ഡിപ്പാർട്ടുമെന്റുകളിൽ എത്ര ലക്ചറർ പോസ്റ്റ് നിലവിലുണ്ട്;

(ബി) ഡി. പി. സി.യും അതിന്റെ തുടർനടപടിയും വൈകുന്നതുകൊണ്ട് എത്ര ഹയർപോസ്റ്റ് മേൽപ്പറഞ്ഞ ഡിപ്പാർട്ടുമെന്റിൽ പ്രൊമോഷൻ നടക്കാതെ ഒഴിഞ്ഞുകിടപ്പുണ്ട്;

(സി) 2004 മുതൽ തിരുവനന്തപുരം മെഡിക്കൽകോളേജിൽ ബി.ഫാം. സീറ്റ് 28-ൽനിന്ന് 60 ആക്കുകയും അതിന് മൂന്നുവർഷം മുമ്പ് എം.ഫാം. സീറ്റ് 8-ൽ നിന്നും 16 ആക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിൽ എ. ഐ. സി. ടി. ഇ. റഗുലേഷൻ അനുസരിച്ച് ആവശ്യത്തിനുള്ള ടീച്ചിംഗ് സ്റ്റാഫ് ഈ കോളേജുകളിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

(ഡി) കാലിക്കറ്റ് മെഡിക്കൽ കോളേജിലും എ. ഐ. സി. ടി. ഇ. റൂൾ അനുസരിച്ച് ആവശ്യത്തിനുള്ള ടീച്ചിംഗ് സ്റ്റാഫിനെ നിയമിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly